# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6107 | 04.07.2019-ന് മറുപടിയ്ക്ക് |
|---|---|

## നിർമ്മാണ പ്രവൃത്തികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ സി. കെ ഹരീന്ദ്രൻ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | പാറശ്ശാല നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രോജക്ടുകളായ കുട്ടവീട്ടുകടവ് പാലം, അമരവിള-ഒറ്റശേഖരമംഗലം റോഡ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | **കുട്ടവീട്ടുകടവ് പാലം**<br><br>തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ ഒറ്റശേഖരമംഗലം, കളത്തുമ്മൽ വീരണകാവ് വില്ലേജുകളിൽപ്പെട്ട 94 ആർസ് സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 26/03/2018-ലെ ജി.ഒ (ആർ.റ്റി) നം.1107/2018/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് സ്പെഷ്യൽ തഹസീൽദാർ, അഡീഷണൽ എൽ.എ യൂണിറ്റിനെ 20.04.2018-ൽ ലാൻഡ് അക്വിസിഷൻ ഓഫീസർ ആയി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പ്രാഥമിക സ്ഥലപരിശോധനയിൽ അലൈൻമെന്റ് സ്കെച്ചിൽ അപാകതയുള്ളതായി കണ്ടെത്തുകയും വിവരം അർത്ഥനാധികാരിയെ അറിയിക്കുകയും ചെയ്തതനുസരിച്ച് ന്യൂനത പരിഹരിച്ച അലൈൻമെന്റ് സ്കെച്ച് 17/06/2019-ൽ ലഭ്യമാക്കുകയും ലാൻഡ് അക്വിസിഷൻ ഓഫീസർ സ്ഥലപരിശോധന നടത്തിവരുന്നതുമാണ്. സ്ഥലപരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് എസ്.ഐ.എ പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ നിയമിച്ചുകൊണ്ടുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതാണ്.<br><br>**അമരവിള-ഒറ്റശേഖരമംഗലം റോഡ്**<br>തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര-കാട്ടാക്കട താലൂക്കുകളിലെ കീഴാറൂർ, പെരുങ്കടവിള, കൊല്ലയിൽ, നെയ്യാറ്റിൻകര വില്ലേജുകളിൽപ്പെട്ട 86.125 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 24/04/2018-ലെ ജി.ഒ (ആർ.റ്റി) നം.1487/2018/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും സ്പെഷ്യൽ തഹസീൽദാർ പി.ഡബ്ല്യൂ.ഡി (സതേൺ സർക്കിൾ) യൂണിറ്റിനെ 30/04/2018-ൽ ലാൻഡ് അക്വിസിഷൻ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്നതിനും മെഷർമെന്റ് സ്കെച്ച് ലഭ്യമാക്കുന്നതിനും അർത്ഥനാധികാരിയായ പി.ഡബ്ല്യൂ.ഡി നിരത്തു വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയവ ലഭിയ്ക്കുന്ന മുറയ്ക്ക് എസ്.ഐ.എ പഠനം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനായി സെന്റർ ഫോർ അഡ്വാൻസ്ഡ് റിസർച്ച് ഇൻ ഹ്യൂമൻ ബിഹേവിയറിനെ നിയമിച്ചുകൊണ്ടുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് കണ്ടിജൻസി ചാർജ് ഒടുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | **കട്ടുവീട്ടിൽകടവ് പാലം**<br>പ്രസ്തുത പ്രോജക്ടിനായി കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 9,47,520/- രൂപ 03/12/2018-ൽ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടുണ്ട്.<br>**അമരവിള-ഒറ്റശേഖരമംഗലം റോഡ്**<br>പ്രസ്തുത പ്രോജക്ടിനായി കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 15,00,000/- രൂപ 24/10/2018-ൽ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികൾക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ എന്നേയ്ക്ക് പൂർത്തിയാക്കാനാകും; | (സി) | സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ വിദഗ്ധ സമിതിയെ നിയോഗിച്ച് വിദഗ്ധസമിതിയുടെ ശുപാർശ ജില്ലാ കളക്ടർ വിലയിരുത്തി സ്ഥലമേറ്റെടുക്കുന്നതിനുള്ള സമുചിത തീരുമാനം കൈക്കൊള്ളുന്നതും 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതുമാണ്. ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ പുനരധിവാസവും പുന:സ്ഥാപനവും നിശ്ചയിച്ചതിനു ശേഷം ഡിക്ലറേഷൻ പുറപ്പെടുവിച്ച് അവാർഡ് പാസ്സാക്കി സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. . |
| (ഡി) | ഓരോ പ്രവൃത്തിക്കും എത്ര വീതം സ്ഥലമാണ് ഏറ്റെടുക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | **കട്ടുവീട്ടിൽകടവ് പാലം**<br>പദ്ധതിക്കുവേണ്ടി കാട്ടാക്കട താലൂക്കിലെ ഒറ്റശേഖരമംഗലം (69.00 ആർ) കുളത്തുമ്മൽ (14.50 ആർ) വീരണകാവ് (10.50 ആർ) എന്നീ വില്ലേജുകളിലായി ആകെ 94.00 ആർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.<br>**അമരവിള-ഒറ്റശേഖരമംഗലം റോഡ്**<br>പ്രസ്തുത പ്രോജക്ടിനായി നെയ്യാറ്റിൻകര, പെരുങ്കടവിള, കീഴാറൂർ എന്നീ വില്ലേജുകളിൽ നിന്നും ആകെ 86.125 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ